**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 563** **10-02-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ കമ്പനിയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. സി. ആർ. മഹേഷ്, ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപറേഷൻസ് ആക്റ്റിലെ സെക്ഷൻ 34 പ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നത് അതതു സമയത്തെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (എ) | സെക്ഷൻ 34 പ്രകാരം ബോർഡ് തീരുമാനത്തിന്റെ/ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കെ.എഫ്.സി നിക്ഷേപം നടത്തുന്നത്. |
| (ബി) | എങ്കിൽ റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് (ആർ.സി.എഫ്.എൽ) എന്ന കമ്പനിയുടെ കടപ്പത്രങ്ങളിൽ (എൻ.സി.ഡി.) നിക്ഷേപിച്ചത് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നോയെന്ന് വ്യക്തമാക്കുമോ; | (ബി) | അതെ. 23.03.2018 ൽ കൂടിയ ബോർഡ് യോഗം ബോണ്ട് ഇഷ്യൂയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യാൻ ALCO(Asset-Liability Committee) യെ അധികാരപ്പെടുത്തുകയുണ്ടായി. ഈ ബോണ്ട് ഇഷ്യൂന്റെ ഭാഗമായാണ് ആർ.സി.എഫ്.എൽ(Reliance Commercial Finance Ltd) -ന്റെ കടപ്പത്രത്തിൽ നിക്ഷേപം നടത്തിയത്. |
| (സി) | ആർ.സി.എഫ്.എൽ. എന്ന കമ്പനിയുടെ കടപ്പത്രങ്ങളിൽ നിക്ഷേപിക്കാനുള്ള ബോർഡ് തീരുമാനം എപ്പോഴാണ് കൈകൊണ്ടതെന്നും പ്രസ്തുത കമ്പനിയിൽ എന്നാണ് കെ.എഫ്.സി. പണം നിക്ഷേപിച്ചത് എന്നും അറിയിക്കുമോ? | (സി) | 2017-18 സാമ്പത്തിക വർഷം, 03.07.2017 ന് ചേർന്ന ബോർഡ് യോഗം, ക്രെഡിറ്റ് റേറ്റിങ് എഎ ലഭിച്ചതിനു ശേഷം വിപണിയിൽ നിന്ന് 500 കോടി രൂപ വരെ സമാഹരിക്കാനുമുള്ള നടപടികൾ എടുക്കാൻ എം.ഡി യെ ചുമതലപ്പെടുത്തി. ഇതിന് ശേഷം നടന്ന എല്ലാ ബോർഡ് യോഗങ്ങളിലും ബോണ്ട് ഇഷ്യൂവുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും ബോർഡിനെ അറിയിച്ചിരുന്നു. 16.02.2018 ലും 13.03.2018-ലും ബോണ്ട് ഇഷ്യൂ നടത്താൻ കോർപ്പറേഷൻ ശ്രമിച്ചെങ്കിലും ലഭിച്ച പലിശനിരക്ക് അധികമായതിനാൽ ഇഷ്യൂ ആയി മുന്നോട്ട് പോയില്ല. ഈ വിവരം 23.03.2018 ൽ കൂടിയ ബോർഡ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയും ജൂൺ 30, 2018-നുള്ളിൽ ബോണ്ട് ഇഷ്യൂ പൂർത്തിയാക്കി, 8.70% to 8.90% പലിശനിരക്കിൽ BSE (Bombay |

| | | | |
|---|---|---|---|
| | | | Stock Exchange)യുടെ Electronic Bidding Platform ലൂടെ (EBP) ഫണ്ട് സമാഹരിക്കാൻ ബോർഡ് ALCO യെ ചുമതലപ്പെടുത്തി. ഇതിന്റെ ഭാഗമായി സി.എം.ഡി ചെയർമാൻ ആയ ALCO ആണ് ബോണ്ട് ഇഷ്യൂ സംബന്ധമായ എല്ലാ തീരുമാനങ്ങളും എടുത്തത്. മാർച്ച് 2018 ൽ BSE പ്ലാറ്റ്ഫോം വഴി ഇഷ്യൂ ചെയ്യുകയും ഏപ്രിൽ 2018 ൽ Non SLR (Non Statutory Liquidity Ratio) ബോണ്ടുകൾ വഴി 250 കോടി രൂപ 8.69% പലിശ നിരക്കിൽ കോർപ്പറേഷൻ സമാഹരിക്കുകയും ചെയ്തു. ഇപ്രകാരം 2017-18 സാമ്പത്തിക വർഷത്തേക്കുള്ള SLR ഇതര ബോണ്ട് ഇഷ്യൂ 2018 മാർച്ചിൽ പൂർത്തിയാകുകയും ഇഷ്യൂവിന്റെ ലിസ്റ്റിംഗ് 2018 ജൂണിൽ പൂർത്തിയാക്കുകയും ചെയ്തു. 24.04.2018 ൽ ആണ് BSE യുടെ EBP ( Electronic Bidding Platform) പ്ലാറ്റ്ഫോം വഴി RCFL ൽ നിക്ഷേപം നടത്തിയത്. ഈ ബോണ്ട് ഇഷ്യൂയുമായി ബന്ധപ്പെട്ട് സി.എം.ഡി ചെയർമാൻ ആയ ALCO എടുത്ത RCFL ലെ നിക്ഷേപം ഉൾപ്പെടെയുള്ള എല്ലാ തീരുമാനങ്ങളും 18.06.2018 ന് നടന്ന ബോർഡ് മീറ്റിംഗിൽ റിപ്പോർട്ട് ചെയ്യുകയും അംഗീകരിക്കപ്പെടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ